# മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

(സംഗ്രഹം)

സർവകലാശാലയുടെ വെബ്സൈറ്റിലെ സബ്-ഡൊമൈനുകൾ പ്രവർത്തനക്ഷമമാക്കിയത് തുടർന്ന് കൈകാര്യം ചെയ്യുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ - ഉത്തരവ് - പുറപ്പെടുവിക്കുന്നു.

**കണ്ടെന്റ് മാനേജ്മെന്റ് സെക്ഷൻ**

സ.ഉ.നം:8482/02/സി.എം.എസ്./2018/ഭരണം. തീയ്യതി 01.12.2018.

**ഉത്തരവ്**

സർവകലാശാലയുടെ പുതുതായി രൂപകൽപനചെയ്ത ഔദ്യോഗിക വെബ്സൈറ്റ് 2018 ഏപ്രിൽ 10-ന് ഐ.ടി. മിഷൻ, സ്റ്റേറ്റ് ഡേറ്റാ സെന്റർ-2, തിരുവനന്തപുരത്ത് (IT Mission, SDC -2, TVM) ഹോസ്റ്റ് ചെയ്തു. പിന്നീട് സർവകലാശാല ആമസോൺ വെബ് സർവീസസ് (AWS)-ൽ നിന്നും സെർവർ വാങ്ങുകയും, സർവകലാശാലയുടെ 22 സബ്-ഡൊമൈനുകളും 2018 സെപ്റ്റംബർ 20 ന് AWS-ൽ ഹോസ്റ്റ് ചെയ്യുകയും ചെയ്തു (17-സ്റ്റാറ്റ്യൂട്ടറി പഠനവകുപ്പുകൾ, റിസർച്ച്, ഐ.ക്യൂ.എ.സി., മലയാളം, ഹിന്ദി, ജർമൻ എന്നീ ഭാഷകളിൽ ഉള്ള സബ്-ഡൊമൈനുകൾ).

'ഡിപ്പാർട്ട്മെന്റ് ഓഫ് ലൈഫ് ലോങ്ങ് ലേർണിംഗ് ആൻഡ് എക്സ്റ്റൻഷൻ'-നുള്ള സബ്-ഡൊമൈൻ പുതിയതായി തുടങ്ങിയ സിവിൽ സർവീസ് ഇൻസ്റ്റിട്യൂട്ടിന് വേണ്ടി ഉപയോഗിക്കുവാൻ തീരുമാനിച്ചു. ജർമൻ ഭാഷയിലുള്ള സബ്-ഡൊമൈൻ കൈകാര്യം ചെയ്യുന്നതിനുള്ള അപ്രായോഗികത പരിഗണിച്ച് ഈ സബ്-ഡൊമൈൻ തത്ക്കാലം ഹോസ്റ്റ് ചെയേണ്ടതില്ലായെന്നും, ഈ സ്പേസ് പിന്നീട് പൂർവ-വിദ്യാർത്ഥികൾക്കുവേണ്ടിയുള്ള ഒരു സബ്-ഡൊമൈൻ ആയോ, വിദ്യാർത്ഥികൾക്കുവേണ്ടിയുള്ള ഒരു ലോഗിൻ പോർട്ടൽ ആയോ ഉപയോഗിക്കുവാനും തീരുമാനിച്ചു.

ആയതിനാൽ, സർവകലാശാല പഠന വകുപ്പുകൾക്കുള്ള വെബ്സൈറ്റുകൾ (സബ്-ഡൊമൈൻ) കൈകാര്യം ചെയ്യുന്നതുമായി ബന്ധപ്പെട്ട് വൈസ്-ചാൻസലർ താഴെപ്പറയുന്ന കാര്യങ്ങൾക്ക് അനുമതി നൽകിയിരിക്കുന്നു.

(i). പ്രവർത്തനസജ്ജമായ ഇരുപത് സബ്-ഡൊമൈനുകൾ കണ്ടെന്റുകൾ അപ്ഡേറ്റ് ചെയ്തതിന് ശേഷം സർവകലാശാലയുടെ ഔദ്യോഗിക വെബ്സൈറ്റുമായി ലിങ്ക് ചെയ്യുവാനും, 2 സബ്-ഡൊമൈനുകൾ പിന്നീട് ലിങ്ക് ചെയ്യുവാനും.

(ii). അതാത് പഠന വകുപ്പുകളുടെ സബ്-ഡൊമൈനുകളുടെ പ്രവർത്തനം വകുപ്പ്മേധാവിയുടെ ഉത്തരവാദിത്തത്തിൽ അവിടെത്തന്നെ നിർവഹിക്കേണ്ടതും. സർവകലാശാല ബഡ്ജറ്റിൽ നിന്നും ചെലവ് വരുന്ന നിയമന വിജ്ഞാപനങ്ങളും, ഇതേപോലെയുള്ള മറ്റ് വിജ്ഞാപനങ്ങളും സർവകലാശാലയുടെ അനുമതിയോടെ കണ്ടന്റ് മാനേജ്മെന്റ് സെക്ഷൻ മുഖാന്തിരം മാത്രം സബ്-ഡൊമൈനുകളിൽ ഉൾപെടുത്തുന്നതിനും.

(iii). വകുപ്പ് മേധാവി ചുമതലപ്പെടുത്തുന്ന ഉദ്യോഗസ്ഥർക്ക്, കണ്ടൻറ് മാനേജ്മെൻറ് സെക്ഷൻ പഠന വകുപ്പുകളുടെ വെബ്സൈറ്റ് (സബ്-ഡൊമൈൻ) നിർവഹണത്തിനാവശ്യമായ പരിശീലനം നൽകേണ്ടതുമാണ്.

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഒപ്പ്/-)
രമേഷ് നാരായണൻ
അസിസ്റ്റൻറ് രജിസ്ട്രാർ-II (അക്കാഡമിക്)
രജിസ്ട്രാർക്കുവേണ്ടി

പകർപ്പ്:

(1). വി.സി./പി.വി.സി. എന്നിവരുടെ പി.എസ്. മാർ.
(2). രജിസ്ട്രാർ/എഫ്.ഒ./സി.ഇ. എന്നിവരുടെ പി.എ. മാർ.
(3). എല്ലാ പഠന വകുപ്പുകളുടെയും മേധാവികൾക്ക്
(4). ജെ.ആർ.-III(ഭരണം)/ഡി.ആർ.-III(ഭരണം)/സിസ്റ്റം മാനേജർ/വെബ്സൈറ്റ് നോഡൽ ഓഫീസർ.
(5). പി.ആർ.ഒ./സിറ്റക്സ്/സിറ്റാഡ്/ഇ.എ.-1/ഐ.ക്യൂ.എ.സി./സ്റ്റാറ്റിസ്റ്റിക്കൽ യൂണിറ്റ്.
(6). എസ്.എഫ്./എഫ്.സി./റെക്കോർഡ്സ്.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

F.No: 117/02/CMS/2018.